പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 389 06.03.2012-ൽ മറുപടിയ്ക്ക്

വൈദ്യുതി ബോർഡിന് ലഭിയ്ക്കാനുള്ള കുടിശ്ശിക തുക പരിച്ചെടുക്കാനുള്ള നടപടി.

ചോദ്യം

ശ്രീമതി. കെ. എസ്. സലീഖ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കെ. എസ്. ഇ. ബി. ക്ക് വിവിധ സർക്കാർ അർദ്ധ സർക്കാർ, പൊതുമേഖല, സ്വകാര്യമേഖലാ സ്ഥാപനങ്ങളിൽ നിന്നും പിരഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക എത്ര ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എ) 30-09-2011-ൽ ക്രോഡീകരിച്ചിട്ടുള്ള കണക്കനുസരിച്ച് കെ. എസ്. ഇ. ബിയ്ക്ക് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക 1248.91 കോടിയാണ്. ഇതിൻെറ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ | രൂ.145.52 കോടി |
| 2. സംസ്ഥാന പൊതുമേഖലാ സഹകരണ സ്ഥാപനങ്ങൾ | രൂ.471.28 കോടി |
| 3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | രൂ. 8.45 കോടി |
| 4. കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ | രൂ.2.26 കോടി |
| 5. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | രൂ.24.27 കോടി |
| 6. അന്തർ സംസ്ഥാന ഊർജ്ജം. | രൂ.3.97 കോടി |
| 7. ലൈസൻസികൾ | രൂ.16.39 കോടി |
| 8. സ്വകാര്യ സ്ഥാപനങ്ങൾ | രൂ.576.77 കോടി |
| ആകെ | രൂ.1248.91 കോടി |

(ബി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ സ്ഥാപനം, അർദ്ധ സർക്കാർ സ്ഥാപനം, പൊതുമേഖലാ സ്ഥാപനം,

(ബി) 30-09-2011 വരെയുള്ള കണക്കു പ്രകാരം ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ

സ്വകാര്യമേഖലാ സ്ഥാപനം എന്നിവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. കൃഷി വകുപ്പ് (സംസ്ഥാന സർക്കാർ) | രൂ.54.0 കോടി |
| 2. കേരള ജല അതോറിറ്റി (സംസ്ഥാന പൊതുമേഖലാ സ്ഥാപനം) | രൂ.232.02 കോടി |
| 3. സ്വകാര്യ സ്ഥാപനം ബിനാനി സിങ്ക് ലിമിറ്റഡ് | രൂ.50.63 കോടി |

(സി) ഇത്തരത്തിലുള്ള കുടിശ്ശിക പിരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(സി) കുടിശ്ശിക പിരിച്ചെടുക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം വിച്ഛേദിക്കുക.
2. ദീർഘകാലമായി (മൂന്നു വർഷത്തിലേറെയായി) കുടിശ്ശിക വരുത്തിയിട്ടുള്ള എൽ.ടി, എച്ച്.ടി, ഇ.എച്ച്.ടി ഉപഭോക്താക്കൾ കുടിശ്ശികയിലെ 'മുതൽ' അടച്ചുതീർത്താൽ പലിശയിൽ ഇളവു നൽകുന്ന ഒറ്റത്തവണ തീർപ്പാക്കൽ പ്രത്യേക പദ്ധതി.
3. പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകൾ പ്ലാന്റേഷനുകൾ എന്നിവ 31-12-2011 ന് മുമ്പ് തുറന്നു പ്രവർത്തിച്ചാൽ പൂട്ടിക്കിടന്ന കാലയളവിലെ ഫിക്സഡ് ചാർജ്ജ്/മിനിമം ഡിമാൻറ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക.
4. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുക.
5. കെട്ടിക്കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

(ഡി) പ്രസ്തുത നടപടികളുടെ ഫലമായി

(ഡി) പ്രസ്തുത നടപടികളുടെ ഭാഗമായി

| | | | |
|---|---|---|---|
| | നടപ്പ് സാമ്പത്തിക വർഷം എത്ര കോടി രൂപ കുടിശ്ശിക ഇനത്തിൽ പിരിക്കുവാൻ സാധിച്ചിട്ടുണ്ട് ; | | എച്ച്.ടി വിഭാഗത്തിൽ നിന്നും കുടിശ്ശികയിനത്തിൽ രൂ. 172.53 കോടി നടപ്പ് സാമ്പത്തിക വർഷം (2011-12) പിരിഞ്ഞു കിട്ടിയിട്ടുണ്ട്. എൽ.ടി വിഭാഗത്തിൽ നിന്നും 221.79 കോടി രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. |
| (ഇ) | ഇത്തരത്തിലുള്ള കുടിശ്ശിക പിരിക്കാതെ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ഇ) | കുടിശ്ശിക പിരിച്ചെടുക്കാൻ ക്രിയാത്മകമായ നടപടികളാണ് വൈദ്യുത ബോർഡ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. വൈദ്യുത താരിഫ് നിർണ്ണയിക്കാനുള്ള ചുമതല പൂർണ്ണമായും സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ.